"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

നമ്പർ.REV-P1/377/2019-REV

17/01/2020,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ ഡിവിഷണൽ ആഫീസർ
പാലക്കാട്

സർ,

വിഷയം:- റവന്യൂ വകുപ്പ് - 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമവും ചട്ടങ്ങളും - സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:- ആ കാര്യാലയത്തിലെ 24.10.2019 തീയതിയായുള്ള എം.770/19 നം.കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിലെ, ചട്ടം 4 ഉപചട്ടം (4എഫ്) പ്രകാരം ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളും സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേലുള്ള കൃഷി ഓഫീസർ/വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, റവന്യൂ ഡിവിഷണൽ ആഫീസർ, ഉചിതമാണെന്നു കാണുന്ന പക്ഷം, നേരിട്ട് പരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോട്ടു കൂടിയോ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ആയതിനായി പ്രാദേശിക തല നിരീക്ഷണ സമിതിയുടെ അഭിപ്രായം ആരായണമെന്നു ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതല്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചപ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നു അറിയിക്കുന്നു.

വിശ്വസ്തതയോടെ,

BENCY J

Scanned by CamScanner